ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പുവരുത്താനും വേതനം കുറവാണെങ്കിൽ ഓൺലൈൻ മുഖേന സ്റ്റേറ്റ്മെന്റ് എടുത്ത് നിയമനടപടികൾ സ്വീകരിക്കാനുമായി വേതന സുരക്ഷാ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

ഇതോടൊപ്പം കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ഒരു സ്ഥിരം സംവിധാനമെന്ന നിലയിൽ ഒരു സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പ്രസവാവധി

246 (T*2801) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർക്കാരിതര കമ്പനികളിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകൾക്ക് ആവശ്യമായ രീതിയിൽ പ്രസവാവധി അനുവദിക്കാത്തത് കാരണം അമ്മയുടെ മുലപ്പാൽ നിഷേധിക്കപ്പെട്ട കുഞ്ഞുങ്ങൾക്ക് സ്വാഭാവിക നീതി ലഭിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള സർക്കാർ, കേന്ദ്ര സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്നതു പോലെ കേരളത്തിലെ വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും പ്രസവാവധി അനുവദിക്കുന്നതിന് ഉതകുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഈ കാര്യത്തിൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് ; വിശദമാക്കാമോ ;

(ഡി) സ്ത്രീകളുടെയും കുട്ടികളുടെയും അവകാശ സംരക്ഷണത്തിനായി 1981-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീ ജീവനക്കാർക്ക് അവരുടെ കുഞ്ഞുങ്ങളെ മുലയൂട്ടാനുള്ള സൗകര്യം ടി സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ മാറിയ

*T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ഐ.ടി. മേഖലകളിലും പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് അവരുടെ കുഞ്ഞുങ്ങളെ മുലയൂട്ടാനാവശ്യമായ സൗകര്യം തൊഴിൽ സ്ഥാപനങ്ങളിൽ തന്നെ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കേരള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

(ബി&സി) നിലവിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യത്തിന് മൂന്ന് മാസത്തെ മിനിമം വേതനം അല്ലെങ്കിൽ 15,000 രൂപ ഇതിൽ ഏതാണോ കുറവ് അത് നൽകാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിൻപ്രകാരം തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ എല്ലാ സ്ത്രീ തൊഴിലാളികൾക്കും മൂന്ന് മാസത്തെ മിനിമം വേതനം അല്ലെങ്കിൽ 15,000 രൂപ ഇതിൽ ഏതാണോ കുറവ് അത് നൽകിവരുന്നു. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് മൈനർ ഫാക്ടറി, മേജർ ഫാക്ടറി, പ്ലാന്റേഷൻ തുടങ്ങി ബോർഡിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുക മാത്രമാണ് ചെയ്യുവരുന്നത്.

(ഡി) മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് സെൻട്രൽ ആക്ട് ആയതിനാൽ ഈ ആക്ടിനുള്ള ഭേദഗതി കേന്ദ്ര സർക്കാർ തലത്തിലാണ് പ്രാബല്യത്തിൽ വരുത്തേണ്ടത്.

ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ

247 (2802) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് ഇപ്പോൾ എന്തെല്ലാം ക്ഷേമപദ്ധതികളാണ് നിലവിലുള്ളതെന്നു വ്യക്തമാക്കുമോ ;

(ബി) നിലവിൽ ലഭിക്കുന്ന പെൻഷൻ തുക 500 രൂപയിൽനിന്നും 1000 രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) റിട്ടയർമെന്റ് / മരണാനന്തര ആനുകൂല്യം ഇപ്പോൾ എത്ര രൂപയാണ് അനുവദിക്കുന്നത് ; ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളികളെ ESI ആനുകൂല്യ പരിധിയിൽ ഉൾപ്പെടുത്തി ഹെൽത്ത് കാർഡ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?